മെന്നാവശ്യപ്പെട്ടുകൊണ്ടുള്ള തദ്ദേശവാസികളുടെ ഹർജി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നും ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കൽ നടപടി എപ്പോൾ പൂർത്തിയാക്കുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ, ബി) പന്നൂർ, കുറ്റ്യാങ്കുവയൽ ഭാഗത്ത് നിലവിലുള്ള ട്രാൻസ്ഫോർമർ 100 കെ. വി. എ. കപ്പാസിറ്റി ഉള്ളതാണ്. ഇത് വർദ്ധിപ്പിക്കാനായി അപേക്ഷ ലഭിച്ചിട്ടില്ല.

വളളിക്കുന്നം ഇലക്ട്രിക്കൽ സ്പെഷ്യൽ ഓഫീസ് രൂപീകരണം

27 [2016] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വളളിക്കുന്നം പഞ്ചായത്തിലെ സബ് എഞ്ചിനീയർ ഓഫീസ് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

വീയപുരം സെക്ഷൻ ഓഫീസ് സ്ഥാപിക്കാൻ നടപടി

28 [2017] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വീയപുരം പഞ്ചായത്തിലെ വൈദ്യുതി വിതരണ പ്രവർത്തനങ്ങളുടെ മേൽനോട്ടം ഏതെല്ലാം കെ. എസ്. ഇ. ബി. ഓഫീസുകളാണ് നിർവ്വഹിക്കുന്നത്;

(ബി) വൈദ്യുതി വിതരണ രംഗത്ത് ഇവിടത്തെ ജനങ്ങൾക്കുള്ള ബുദ്ധിമുട്ടും വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലുള്ള പ്രശ്നങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വീയപുരം പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് കെ. എസ്. ഇ. ബി. വീയപുരം സെക്ഷൻ ഓഫീസ് സ്ഥാപിക്കുമോ?

ഉത്തരം

(എ) മാവേലിക്കര ഡിവിഷനിൽ ഹരിപ്പാട്, കരുവാറ്റ സെക്ഷനുകളും. ചെങ്ങന്നൂർ ഡിവിഷനിൽ മാന്നാർ ഇലക്ട്രിക്കൽ സെക്ഷൻ.

(ബി) ലൈനുകളും പുഞ്ചയിൽക്കൂടി കടന്നുപോകുന്നതിനാൽ മഴക്കാലത്തു വൈദ്യുതി തടസ്സം നേരിട്ടാൽ ഉടനടി പരിഹരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly